(ബി) 15-9-2015-ലെ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 451/2015/റവന്യൂ പ്രകാരം കൊല്ലം ജില്ലയിലെ കൊട്ടാരക്കര താലൂക്കിൽ ബ്ലോക്ക് നമ്പർ 23-ൽ സർവ്വേ നമ്പർ 222/11, 222/16, 222/22, 222/23 എന്നിവയിൽപ്പെട്ട ജലസേചന വകുപ്പിന്റെ വക ഭൂമി കൊല്ലം റൂറൽ പോലീസ് ആസ്ഥാന നിർമ്മാണത്തിനായി പോലീസ് വകുപ്പിന് ലഭ്യമായിട്ടുണ്ട്.

(സി&ഡി) കെ.പി.എച്ച്.സി.സി.-ക്കാണ് നിർമ്മാണച്ചുമതല നൽകിയിട്ടുള്ളത്. ഇതിലേയ്ക്കായി പ്ലാനും എസ്റ്റിമേറ്റും ലഭ്യമാകുന്നമുറയ്ക്കുമാത്രമേ തുടർനടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ.

പോലീസ് നിരീക്ഷണ ക്യാമറ സംവിധാനം

246 (254) <u>ശ്രീമതി കെ. എസ്. സലീഖ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ കാലയളവിൽ ഓരോ വർഷവും ആഭ്യന്തര വകുപ്പ് റോഡുകൾ, പോലീസ് സ്റ്റേഷനുകൾ ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ ഏതെല്ലാം കമ്പനികളുടെ എത്ര ക്യാമറകൾ സ്ഥാപിച്ചു ; ഇതിനായി ഓരോ വർഷവും എത്ര തുക ചെലവഴിച്ചു ; ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ബി) നിലവിൽ ഇവയിൽ പ്രവർത്തനക്ഷമമായുള്ള എത്ര ക്യാമറകൾ ഉണ്ടെന്നും പ്രവർത്തനരഹിതം എത്രയെന്നും വ്യക്തമാക്കുമോ ;

(സി) ഇത്തരം ക്യാമറ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ആഭ്യന്തര വകുപ്പ് കൂടിശ്ശിക വരുത്തിയ സ്ഥാപനങ്ങൾ ഏതെല്ലാമെന്നും എത്ര തുകയുടേതാണെന്നും വ്യക്തമാക്കുമോ ;

(ഡി) 9 ജില്ലകളിൽ പോലീസിന്റെ നഗരനിരീക്ഷണത്തിനുള്ള ക്യാമറ സംവിധാനത്തിൽ വീഴ്ച പറ്റിയതായി കരുതുന്നുണ്ടോ ; എങ്കിൽ എന്താണ് കാരണം ; വിശദാംശം വ്യക്തമാക്കുമോ ;

(ഇ) ഇത്തരം ക്യാമറ സ്ഥാപിച്ചതുവഴി എത്ര കുറ്റവാളികളെ ഈ സർക്കാർ കാലയളവിനുള്ളിൽ പിടികൂടുവാൻ സാധിച്ചു; വിശദമാക്കുമോ ;

(എഫ്) ഇത്തരം ക്യാമറകളുടെ തകരാർ തീർക്കുന്നതിന് നടപടിയെടുക്കാത്ത ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ-എഫ്) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly